A

# സമഗ്ര ശിക്ഷാ, കേരളം

612

**പാദവാർഷിക മൂല്യനിർണയം 2022-23**

**അടിസ്ഥാന പാഠാവലി**

**ക്ലാസ് - 6** **സമയം: 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ**

1. **മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.**
2. **താഴെ കൊടുത്തിട്ടുള്ള ആറ് പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറ് വരെയുള്ള പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരം എഴുതിയാൽ മതി.**

**പ്രവർത്തനം - 1 വായിക്കാം എഴുതാം**

കഥാഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഏറ്റവും യോജിച്ച ഉത്തരമെഴുതുക.

ആകാശം തെളിഞ്ഞു വരുന്നു. ഇക്കുഷിമ വിറയ്ക്കുന്ന കൈകൾ കൊണ്ട് കുഞ്ഞുങ്ങളെ തൊട്ടു നോക്കി. ചൂടുള്ള രോമപ്പുതപ്പിനുള്ളിൽ അവർ ഉറങ്ങുകയാണെന്നു തോന്നിച്ചു. നന്നായി വെളിച്ചം പരന്നപ്പോൾ ഇക്കുഷിമ കാടിനുള്ളിലേക്കു വീണ്ടും ധൃതിയിൽ കടന്നുചെന്നു. ഒരു കെട്ടു പച്ചിലകളുമായി വേഗത്തിൽ തിരിച്ചുവന്നു. ചിപ്പിപ്പാത്രത്തിൽ വെള്ളവും. ഇലകൾ പിഴിഞ്ഞു നീരെടുത്തു രണ്ടുപേരുടേയും വായ തുറന്ന് തുള്ളികളായി ഒഴിച്ചുകൊടുത്തു. പിന്നെ തണുപ്പുള്ള വെള്ളവും. വെയിൽക്കണ്ണുമായി ആകാശം അൽപ്പംകൂടി മുന്നോട്ടു വന്നു. ഇക്കുഷിമ കുട്ടികളെത്തന്നെ നോക്കിയിരുന്നു. പിന്നെ വിശ്വസിക്കാൻ പറ്റാത്തവിധം സ്തബ്ധയായ അവൾ സന്തോഷത്തിന്റേതായ ഒരു സ്വരം പുറപ്പെടുവിച്ചു.

(ഇക്കുഷിമയിലെ മുത്തശ്ശി)

1) കഥാഭാഗത്ത് ഇക്കുഷിമയുടെ ഏതു മനോഭാവമാണ് കാണാൻ കഴിയുന്നത്?

- സ്നേഹം
- ദേഷ്യം
- പരിഭവം

2) ചൂടുള്ള രോമപ്പുതപ്പ് എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

- പുറത്തുള്ള ചൂട്
- പുതപ്പിനുള്ള ചൂട്
- ശരീരത്തിന്റെ ചൂട്

3) മാതൃക പോലെ എഴുതുക.

കുപ്പിച്ചില്ല് - കുപ്പി + ചില്ല്

ചിപ്പിപ്പാത്രം - ......................................

4) 'വാനം' എന്ന പദത്തിന് സമാനമായി കഥാഭാഗത്ത് ഉപയോഗിച്ചിരിക്കുന്ന വാക്കേത്?

- കാട്
- ആകാശം
- വെയിൽ

5) 'ആകാശം തെളിഞ്ഞു വരുന്നു' എന്ന പ്രയോഗം സൂചിപ്പിക്കുന്നതെന്ത്?

- നേരം പുലർന്നുവരുന്നു
- കാർമേഘം മറയുന്നു
- ഇരുട്ട് വ്യാപിക്കുന്നു

**പ്രവർത്തനം: 2 - സംഭാഷണം**

'അക്കമ്മയെ ബംഗ്ലാവിലെത്തിച്ച ശങ്കരണ്ണൻ നാളുകൾക്കുശേഷം അവളെ കാണാനെത്തി. അക്കമ്മയ്ക്ക് സന്തോഷം അടക്കാനായില്ല. അവൾ ഓടിച്ചെന്ന് ശങ്കരണ്ണനോട് ബംഗ്ലാവിലെ വിശേഷങ്ങൾ ഓരോന്നായി പറഞ്ഞു'.

എ) അക്കമ്മയും ശങ്കരണ്ണനും തമ്മിൽ നടക്കാനിടയുള്ള സംഭാഷണം തയാറാക്കൂ...

ബി) 'സന്തോഷം' എന്ന പദത്തിന് പകരം പദമാണ്?

(ഹർഷം, വർഷം, ശോകം)

**പ്രവർത്തനം : 3 - ആസ്വാദനക്കുറിപ്പ്**

സച്ചിദാനന്ദന്റെ 'വേഗമുറങ്ങൂ' എന്ന കവിതയിൽ പ്രകൃതി തൊട്ടിലും താരാട്ടുമാകുന്നു. പ്രകൃതിയിലെ സുന്ദരഭാവങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വേഗമുറങ്ങാൻ മകളോട് പറയുകയാണിവിടെ.

ഈ കവിത വായിച്ചു നോക്കൂ. . . **ഒരു ഉറക്കുപാട്ട്**

"എൻ,കുഞ്ഞുറങ്ങിക്കൊൾകെ,ൻകുഞ്ഞുറങ്ങിക്കൊൾ-<br>
കെ,ൻകുഞ്ഞുറങ്ങിക്കൊൾകെന്റെ തങ്കം,<br>
നാളെപ്പുലർകാലത്തുൻമേഷമിന്നത്തെ-<br>
ക്കാളുമിണങ്ങിയുണർന്നെണീപ്പാൻ,<br>
എല്ലാർക്കും നിദ്രതന്നങ്കത്തിൻ വിശ്രമി-<br>
ച്ചുല്ലാസം കോലുവാൻ കാലമായി<br>
വെള്ളിച്ചാറൊത്തുവിളങ്ങും നിലാവിതാ<br>
വെള്ളക്കിടക്ക വിരിച്ചു നീളേ.

മാന്തളിർതിന്നു മദിച്ചോരിളംകുയിൽ
പൂന്തേൻകുഴമ്പാൽ നിൻ കർണ്ണയുഗ്മം
പാടേനിറപ്പാനായ്,ത്തൻഗളനാളത്താ-
ലോടക്കുഴലിടയ്ക്കൂതിടുന്നു
എൻകുഞ്ഞുറങ്ങിക്കൊൾകെ,ൻകുഞ്ഞുറങ്ങിക്കൊൾ-
കെ,ൻകുഞ്ഞുറങ്ങിക്കൊൾകെന്റെ തങ്കം."

(വള്ളത്തോൾ)

(അങ്കം - മടിത്തട്ട്, യുഗ്മം - രണ്ട്)

എ) കവിതയിലെ ആശയങ്ങൾ, പ്രയോഗഭംഗി, വർണ്ണനകൾ, സ്വന്തം നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കൂ.

ബി) 'വേഗമുറങ്ങൂ' എന്ന കവിത ഏത് വിഭാഗത്തിൽപ്പെടുന്നു?

- വഞ്ചിപ്പാട്ട്
- താരാട്ടുപാട്ട്
- തുള്ളൽപ്പാട്ട്

**പ്രവർത്തനം : 4 – വർണ്ണന**

**തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ചു നോക്കൂ.**

"മുല്ലപ്പൂപോലുള്ള പൂനിലാവിൽ ചന്ദ്രബിംബത്തെക്കൊണ്ടും താരകക്കൂട്ടങ്ങളെക്കൊണ്ടും പ്രകൃതി ആകാശത്തെ അണിയിച്ചൊരുക്കി നിർത്തിയിരിക്കുന്നതു കണ്ടപ്പോൾ ആ വശ്യസൗന്ദര്യത്തിനു മുമ്പിൽ എല്ലാം മറന്നങ്ങനെ നിന്നുപോയി. നക്ഷത്രക്കൂട്ടങ്ങളുടെ നടുവിലായി വിസ്താരത്തിൽ ഒഴിഞ്ഞു കിടക്കുന്നൊരു ഭാഗമുണ്ട്. ആകാശത്തെ പകുത്തുമാറ്റിയപോലെ തോന്നിക്കുന്ന ഈ ഭാഗത്ത് ഞൊറിവെച്ചപോലെ വെൺമേഘക്കൂട്ടങ്ങൾ ഇരുഭാഗത്തും നുരഞ്ഞു പതഞ്ഞപോലെ കിടക്കുന്നു.

(എം.കെ.രാമചന്ദ്രൻ)

എ) പ്രകൃതിയുടെ സുന്ദരദൃശ്യങ്ങൾ എത്ര മനോഹരമായി ഇവിടെ പ്രതിപാദിച്ചിരിക്കുന്നു. നിങ്ങളുടെ അനുഭവത്തിൽ നിന്ന് ഒരു പ്രകൃതിവർണ്ണന തയാറാക്കുക.

ബി) നക്ഷത്രം എന്നതിന് സമാനമായ പദമേത്?

- മുല്ലപ്പൂ
- പൂനിലാവ്
- താരകം

**പ്രവർത്തനം: 5 – വിശകലനക്കുറിപ്പ്**

"ചെറ്റകന്നുനിറഞ്ഞു തുളുമ്പി
നിൽക്കയാണൊരു പ്രാർത്ഥനാനാളം".

കടമ്മനിട്ട രാമകൃഷ്ണന്റെ 'ഊഞ്ഞാൽപ്പാട്ട്' എന്ന കവിതയിൽ അച്ഛനും മക്കളും തമ്മിലുള്ള സ്നേഹപ്രകടനങ്ങൾ നോക്കി നിർവൃതി കൊണ്ടുനിൽക്കുന്ന അമ്മയെക്കുറിച്ച് ഇങ്ങനെ പറയുന്നു.

ഒരു സിനിമാഗാനത്തിലെ വരികൾ വായിച്ചു നോക്കൂ.

"അമ്മയല്ലാതൊരു ദൈവമുണ്ടോ

അതിലും വലിയൊരു കോവിലുണ്ടോ"

**(ശ്രീകുമാരൻ തമ്പി)**

എ) കവിതാഭാഗവും ഗാനവും വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

ബി) 'പ്രാർത്ഥനാനാളം' എന്നതുകൊണ്ട് ഇവിടെ സൂചിപ്പിക്കുന്നത്?

- അച്ഛൻ
- അമ്മ
- കൊച്ചുപൂമ്പാറ്റ

**പ്രവർത്തനം: 6 - ഉപന്യാസം**

അമ്മ വാതിൽ തുറന്നു. ധനം, ആരോഗ്യം, സ്നേഹം ഇവർ മൂന്നുപേരും അവിടെത്തന്നെ ഉണ്ടായിരുന്നു. "ഞങ്ങൾക്ക് സ്നേഹം മതി." അമ്മ അവരോട് പറഞ്ഞു. സ്നേഹം അമ്മയോടൊപ്പം നടന്നു. പക്ഷേ അവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് മറ്റ് രണ്ടുപേരും അവരോടൊപ്പം ചേർന്നു. അമ്മ ചോദിച്ചു 'നിങ്ങൾക്കൊരാൾക്കല്ലേ എന്നോടൊപ്പം വരാൻ പറ്റു?' ആരോഗ്യമാണ് മറുപടി പറഞ്ഞത്. "നിങ്ങൾ എന്നെയോ ധനത്തിനെയോ ക്ഷണിച്ചിരുന്നെങ്കിൽ അങ്ങനെ സംഭവിക്കുമായിരുന്നു. പക്ഷേ ഞങ്ങൾ തോറ്റു പോയി. സ്നേഹം എവിടെയുണ്ടോ അവിടേക്ക് ഞങ്ങൾക്ക് കടന്നു വരാതിരിക്കാനാവില്ല."

**(ഗോപിനാഥ് മുതുകാട്)**

എ) സ്നേഹസ്പർശം എന്ന യൂണിറ്റിലെ പാഠഭാഗങ്ങളുടെ ആശയവും തന്നിരിക്കുന്ന കഥയുടെ ആശയവും ഉൾപ്പെടുത്തി '**സ്നേഹത്തിന്റെ ശക്തി**' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.